(സി) പി.എസ്.സി. അഡ്വൈസ് പ്രകാരം എത്ര നിയമനം നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) എത്ര എൻ.ജെ.ഡി. ഒഴിവുകൾ ഉണ്ടായിട്ടുണ്ട് ;

(ഇ) എൻ.ജെ.ഡി. ഒഴിവുകൾ പി.എസ്.സി.ക്കു റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; എങ്കിൽ എത്രയെണ്ണമെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1065.

(സി) 1065.

(ഡി) ഒഴിവുകൾ ഉണ്ടായിട്ടില്ല.

(ഇ&എഫ്) ബാധകമല്ല.

വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിനാവശ്യമായ നടപടി

105 (1229) ശ്രീ. ജോസ് ബേബി : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തെല്ലാ നടപടികളാണു സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഇത് എന്ന് മുതൽ നടപ്പിൽവരുത്താനാണു ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) സ്കൂൾ വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുന്നതിനായി സർക്കാർ ഒട്ടനവധി പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരികയാണ്. അവയിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു.

1. ശിശു കേന്ദ്രീകൃതവും പ്രവർത്തനാധിഷ്ഠിതവുമായ പാഠ്യപദ്ധതി പ്രൈമറി ക്ലാസ്സുകളിൽ നടപ്പിലാക്കി.
2. ഇതുപ്രകാരം പാഠപുസ്തകങ്ങൾ പരിഷ്ക്കരിച്ചു.
3. ഡി.പി.ഇ.പി. ആറു ജില്ലകളിൽ ഫലപ്രദമായി നടപ്പിലാക്കി വരുന്നു.
4. ഡി.പി.ഇ.പി. പ്രകാരം പ്രൈമറി ക്ലാസ്സുകളിലെ അദ്ധ്യാപകർക്ക് പരിശീലനം നൽകി. കൂടാതെ എല്ലാ ജില്ലകളിലും 5 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് ക്വാളിറ്റി ഇംപ്രൂവ്മെന്റ് ട്രെയിനിംഗ് നൽകി.
5. വിവിധ ജില്ലകളിൽ വിവിധ വിഷയങ്ങൾക്കും ഭാഷകൾക്കും പ്രത്യേകം അദ്ധ്യാപക പരിശീലനവും ഏർപ്പെടുത്തി.

LIBRARY ARCHIVES Kerala Legislative Assembly

6. അക്കാഡമിക്കലായി മുന്നിൽ നിൽക്കുന്ന കുട്ടികൾക്ക് പ്രോത്സാഹനം നൽകുന്നതിനുവേണ്ടി "പ്രൊമോഷൻ ഓഫ് എക്സലൻഡ് എമംഗ് ഗിഫ്റ്റഡ് ചിൽഡ്രൻ" എന്ന പ്രത്യേക പരിപാടി നടത്തി വരുന്നു.

7. കലാകായിക പ്രവർത്തി പരിചയ മേഖലകളിൽ താല്പര്യമുള്ള കുട്ടികൾക്കായി വേനൽക്കാല അവധിക്ക് പ്രതിഭാസംഗമം എന്ന ഒരു പരിപാടി നടത്തുന്നുണ്ട്.

8. പത്താം ക്ലാസ്സിലെ വിജയശതമാനം കുറഞ്ഞ സർക്കാർ സ്കൂളുകളെ ഉൾപ്പെടുത്തി "അഡാപ്റ്റഡ് സ്കൂൾ" എന്ന പദ്ധതിയിൽപ്പെടുത്തി ഇടവേളകളിൽ വിദ്യാർത്ഥികൾക്ക് പ്രത്യേകം ക്ലാസ്സുകൾ നൽകി വരുന്നു.

9. കേൾവിക്കുറവ്, കാഴ്ചക്കുറവ്, മറ്റ് ശാരീരിക അംഗവൈകല്യങ്ങൾ മുതലായ കാരണങ്ങളാൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് വേണ്ടി സംയോജിത വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

10. കലാകായിക, ശാസ്ത്ര, ഗണിത പ്രതിഭകൾക്കും വിവിധ പ്രവർത്തി പരിചയത്തിൽ മുന്നിൽ നിൽക്കുന്ന കുട്ടികൾക്കുമായി വിവിധ തലങ്ങളിൽ മേളകൾ സംഘടിപ്പിച്ചു വരുന്നു.

11. ഇൻഫർമേഷൻ ടെക്നോളജി ക്ലാസ്സ് മുറികളിൽ ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായി അദ്ധ്യാപകർക്ക് കംപ്യൂട്ടർ ട്രെയിനിംഗ് നൽകുകയും അഞ്ഞൂറോളം സ്കൂളുകളിൽ കമ്പ്യൂട്ടർ വിതരണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

12. കേന്ദ്രാവിഷ്കൃതപദ്ധതികളായ "ഓപ്പറേഷൻ ബ്ലാക്ക് ബോർഡ്, ഇംപ്രൂവ്മെന്റ് ഓഫ് സയൻസ് എഡ്യൂക്കേഷൻ" എന്നിവ പ്രകാരം പഠനോപകരണങ്ങളും പുസ്തകങ്ങളും വിതരണം ചെയ്തിട്ടുണ്ട്.

13. വിവിധ വിഷയങ്ങളിൽ പ്രാവീണ്യം നേടുന്നതിനും പഠിച്ചകാര്യങ്ങൾ പ്രവർത്തി പഥത്തിൽ കൊണ്ടുവരുന്നതിനും ശാസ്ത്ര-ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര ക്ലാസ്സുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

14. ഹയർ സെക്കന്ററിയായി കരിക്കുലവും സിലബസും ഉണ്ടാക്കുകയും അദ്ധ്യാപകപരിശീലനം നടപ്പിലാക്കുകയും ചെയ്തു.

15. ടി.ടി.സി.ക്ക് പുതിയ പാഠ്യപദ്ധതി നടപ്പിലാക്കി.

(സി) മേൽ വിവരിച്ച പദ്ധതികൾ തുടർപദ്ധതികളാണ് അവ ഫലപ്രദമായി നടപ്പിലാക്കി വരുന്നു.

ശ്രീമതി ഖദീജാബീവിക്ക് മിനിമം പെൻഷൻ നൽകുവാൻ നടപടി

106 (1232) ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂവാറ്റുപുഴ ഗവ: മോഡൽ ഹൈസ്ക്കൂൾ അദ്ധ്യാപിക ശ്രീമതി ഖദീജാബീവിക്ക് മിനിമം പെൻഷൻ അനുവദിക്കണമെന്ന അപേക്ഷ 8 വർഷത്തോളമായി തീർപ്പ് ആക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(ബി) ഇവർക്ക് എന്നത്തേയ്ക്ക് മിനിമം പെൻഷൻ അനുവദിക്കുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly